## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## റർബൻ ക്ലസ്റ്റർ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5504 — 27-03-2018-ൽ മറുപടിക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് റർബൻ ക്ലസ്റ്റർ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എത്ര ക്ലസ്റ്ററുകളാണ് സംസ്ഥാനത്തുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ 11 ക്ലസ്റ്ററുകളാണ് സംസ്ഥാനത്തുള്ളത്. |
| (സി) | ഒരു ക്ലസ്റ്ററിൽ എത്ര പഞ്ചായത്തുകളാണുള്ളതെന്നും ഇതിൽ ഉൾപ്പെടാനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കാമോ; | (സി) | ഒരു ക്ലസ്റ്ററിൽ 2 പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ മിഷന്റെ നിർവ്വഹണ ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന താഴെ പറയുന്ന 7 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ക്ലസ്റ്ററുകൾ തിരഞ്ഞെടുക്കുന്നത്.<br>1. ഓരോ ദശവർഷത്തിലും ജനസംഖ്യയിൽ ഉണ്ടാകുന്ന വർദ്ധന<br>2. ഓരോ ദശവർഷത്തിലും കാർഷികേതര മേഖലയിൽ ഉണ്ടാകുന്ന തൊഴിലാളികളുടെ വർദ്ധന<br>3. ഭൂമിയുടെ വിലവർദ്ധന<br>4. ഹയർ സെക്കന്ററി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ എണ്ണം<br>5. പ്രധാനമന്ത്രി ജൻധൻ യോജനയിൽ അക്കൗണ്ട് ആരംഭിച്ച കുടുംബങ്ങളുടെ എണ്ണം<br>6. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രവർത്തനങ്ങൾ<br>7. ഭരണ നിർവ്വഹണത്തിലെ പുതിയ മാതൃകകൾ. |

<table>
<tr><td>(ഡി)</td><td>എത്ര ഘട്ടങ്ങളായാണ് ക്ലസ്റ്ററുകൾ നടപ്പാക്കുന്നത്:</td><td>(ഡി)</td><td>3 ഘട്ടങ്ങളായാണ്(ഫേസ്1, ഫേസ്2, ഫേസ്3) ക്ലസ്റ്ററുകൾ നടപ്പാക്കുന്നത്.</td></tr>
<tr><td>(ഇ)</td><td>ഏതെല്ലാം പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നത്;</td><td>(ഇ)</td><td>പ്രസ്തുത പദ്ധതിയിൽ താഴെപറയുന്ന 13 പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നു.<br>1). ഗ്രാമീണ റോഡുകളുടെ നിർമ്മാണം<br>2). ആഴ്ചയിൽ 24 മണിക്കൂറും കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ<br>3). ഗ്രാമീണ റോഡുകളിൽ ഓടകളുടെ നിർമ്മാണം<br>4). തെരുവു വിളക്കുകൾ സ്ഥാപിക്കൽ<br>5). ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ ഹെൽത്ത് യൂണിറ്റ്<br>6). പാവപ്പട്ടവർക്ക് എൽ.പി.ജി പാചകവാതക കണക്ഷൻ<br>7). കാർഷിക വിഭവങ്ങൾ ശേഖരിച്ച് സംസ്കരിച്ച് മൂല്യാധിഷ്ഠിത വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള കേന്ദ്രങ്ങൾ<br>8). തൊഴിൽ രഹിതരുടെ നൈപുണ്യ ശേഷി വികസനം<br>9). പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ<br>10). പൊതുജന സേവന കേന്ദ്രങ്ങളുടെ ആരംഭം<br>11). സാധാരണക്കാർക്ക് കമ്പ്യൂട്ടർ സാക്ഷരത നൽകൽ<br>12). ഖരമാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ<br>13). ദ്രവ മാലിന്യങ്ങളുടെ സംസ്കരണം</td></tr>
<tr><td>(എഫ്)</td><td>ക്ലസ്റ്ററുകളിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ഈ പദ്ധതിക്ക് കേന്ദ്ര ഫണ്ടടക്കം എവിടെ നിന്നെല്ലാം ഫണ്ട് ലഭിക്കുമെന്നും വ്യക്തമാക്കാമോ:</td><td>(എഫ്)</td><td>ക്ലസ്റ്ററുകൾ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>ജില്ല</th><th>ഗ്രാമ പഞ്ചായത്ത്</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>വെള്ളനാട്<br>ആര്യനാട്</td></tr>
<tr><td>2</td><td>കൊല്ലം</td><td>നെടുമ്പന<br>തൃക്കോവിൽവട്ടം</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| 3 | ആലപ്പുഴ | കഞ്ഞിക്കുഴി<br>മാരാരിക്കുളം നോർത്ത് |
| 4 | കോട്ടയം | പുതുപ്പള്ളി<br>മണർകാട് |
| 5 | എറണാകുളം | പുത്തൻവേലിക്കര<br>കുന്നുകര |
| 6 | തൃശ്ശൂർ | പുന്നയൂർകുളം<br>വടക്കേക്കാട് |
| 7 | പാലക്കാട് | പുതുക്കോട്<br>കാവശ്ശേരി |
| 8 | മലപ്പുറം | എടപ്പാൾ<br>വട്ടംകുളം<br>താനാളൂർ<br>നിറമരുതൂർ |
| 9 | കണ്ണൂർ | മങ്ങാട്ടിടം<br>കോട്ടയം<br>ചെമ്പിലോട്<br>പെരളശ്ശേരി |

ഇന്റഗ്രേറ്റഡ് ക്ലസ്റ്റർ ആക്ഷൻ പ്ലാൻ (ICAP)പ്രകാരം തയ്യാറാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി വിഭവ സമാഹരണം നടത്തുമ്പോൾ ഉണ്ടാകുന്ന ക്രിട്ടിക്കൽ ഗ്യാപ്പുകൾ (Critical Gaps) പരിഹരിക്കുവാൻ ഒരു ക്ലസ്റ്ററിന് പരമാവധി 30 കോടി രൂപ ക്രമത്തിൽ Critical Gap Fund (CGF) ആയി സർക്കാർ നൽകുന്നതാണ്. ഈ തുക 60:40 അനുപാതത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്നത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം.എൽ.എ/എം.പി ഫണ്ടുകൾ, വികേന്ദ്രീകൃതാസൂത്രണ ഫണ്ടുകൾ, തനതു വിഹിതം തുടങ്ങിയവ സംയോജിപ്പിച്ച് ലഭിക്കുന്ന ഫണ്ടും ക്ലസ്റ്റർ വികസനത്തിനായി ഉപയോഗിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ